# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ഒമ്പത്

## രക്ഷാനായകൻ

### (1)

Sat ഈ ദൂതിൽ നാം നമ്മുടെ രക്ഷാനായകനിലേക്കു വരുന്നു. ഈ കാര്യം ഉപദേശപരമായി മനസ്സിലാക്കുവാൻ പ്രയാസമാണ്. യുക്തിപരമായി പറഞ്ഞാൽ, രക്ഷയ്ക്കായി യേശു നമ്മുടെ രക്ഷിതാവും വീണ്ടെടുപ്പുകാരനുമാകേണ്ടതാണ് നമുക്ക് ആവശ്യം, നമ്മുടെ നായകനോ വഴിയൊരുക്കുന്നവനോ മുൻഗാമിയോ അല്ല എന്ന് തോന്നിയേക്കാം. എന്നിരുന്നാലും, ദൈവത്തിന്റെ അത്ഭുതകരമായ രക്ഷയിൽ, അവന്റെ "ഇത്ര വലിയ രക്ഷ"യിൽ, നമുക്ക് ഇങ്ങനെയുള്ള ഒരു നായകൻ ആവശ്യമാണ്. ഒരു കൂട്ടം ആളുകളെ ഒരു പ്രത്യേക സ്ഥലത്തേക്ക് നയിക്കുന്ന ഒരു നേതാവാണ് നായകൻ. ഈ നായകൻ നമ്മെ എന്തിലേക്കാണു നയിക്കുന്നത്? അവൻ നമ്മെ തേജസ്സിലേക്കു നയിക്കുന്നു.

ദൈവതേജസ്സ് എന്നത് ഒരുവനാൽ നിർവചിക്കുവാനോ വിശദീകരിക്കുവാനോ ഏറ്റവും പ്രയാസമുള്ള കാര്യമാണ്. യോഹന്നാൻ 17-ൽ പിതാവിനോടുള്ള പ്രാർഥനയിൽ കർത്താവായ യേശു പറഞ്ഞു, "നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു" (യോഹ. 17:22, പ്രത്യുദ്ധാര ഭാഷ്യം). എന്താണ് ഈ തേജസ്സ്? ഏത് തേജസ്സിലേക്കാണോ നമ്മുടെ നായകൻ നമ്മെ നയിക്കുന്നത് ആ തേജസ്സാണ് അവൻ നമുക്കു നൽകിയിരിക്കുന്നത്. നമുക്ക് തേജസ്സ് തന്നുകഴിഞ്ഞുവെങ്കിലും, അപ്പോഴും നാം അതിലേക്കു പ്രവേശിക്കേണ്ടത് ആവശ്യമാണ്. ഈ തേജസ്സിനെക്കുറിച്ചു സംസാരിക്കുന്നത് എത്ര പ്രയാസമാണ്! ഈ തേജസ്സ് നാം ഭാവിയിൽ പ്രവേശിക്കുന്നതായ ഒരു ആഡംബരാവസ്ഥയാണെന്നും അതു നമ്മെ വളരെയധികം ആവേശഭരിതരാക്കുമെന്നും ചിലർ പറയുന്നു. കഴിഞ്ഞ കാലങ്ങളിൽ ഞാൻ ഇത്തരം സംസാരം കേട്ടപ്പോൾ അതിൽ അതൃപ്തനായിരുന്നു. എന്റെ ഉള്ളത്തിൽ, ഇത് വളരെ ലഘുവാണെന്നും അതിൽ

യാതൊരു ഘനമോ അർഥമോ ഇല്ലെന്നും, എനിക്കു തോന്നി. ഈ ചോദ്യം നിങ്ങൾ എന്നോടാണു ചോദിക്കുന്നതെങ്കിൽ, ദൈവം നമുക്കുവേണ്ടി നിയോഗിച്ചിട്ടുള്ള ദിവ്യതേജസ്സ് എന്താണെന്നു നിർവചിക്കുന്നത് വളരെയേറെ പ്രയാസകരമാണെന്ന് എനിക്കു പറയേണ്ടി വരും.

നാം തേജസ്സിലേക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്നും ഈ തേജസ്സ് കഴിഞ്ഞകാല നിത്യതയിൽ ദൈവത്തിന്റെ ജ്ഞാനമനുസരിച്ച് രൂപകൽപന ചെയ്തിരുന്നുവെന്നും പുതിയനിയമം പറയുന്നു. നമ്മെ ഈ തേജസ്സിലേക്കു കൊണ്ടുവരണമെന്ന് കഴിഞ്ഞകാല നിത്യതയിൽ ദൈവം നിർണയിച്ചിരുന്നതായി 1 കൊരിന്ത്യർ 2:7 പറയുന്നു. 1 തെസ്സലൊനീക്യർ 2:12-ഉം, 1 പത്രൊസ് 5:10-ഉം നമ്മോടു പറയുന്നത് നാം ഈ തേജസ്സിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ്. കൊലൊസ്സ്യർ 3:4 അനുസരിച്ച് ക്രിസ്തു പ്രത്യക്ഷപ്പെടുമ്പോൾ നാം അവനോടുകൂടെ അവന്റെ തേജസ്സിൽ പ്രത്യക്ഷപ്പെടും. എന്താണ് ഈ തേജസ്സ്? ഒരുപക്ഷേ മിക്ക ക്രിസ്ത്യാനികളും തേജസ്സ് കേവലം ഒരുതരം തിളക്കമോ ശോഭയോ ആണെന്ന് ചിന്തിക്കുന്നു. തേജസ്സ് അങ്ങനെയുള്ള തിളക്കമോ ശോഭയോ അല്ലെന്നു ഞാൻ പറയില്ല, കാരണം ഞാൻ അതിലേക്കു കടന്നിട്ടില്ല, തേജസ്സിനെക്കുറിച്ചുള്ള ഈ ധാരണ തെറ്റാണെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നില്ല. എങ്കിലും, അങ്ങനെയുള്ളൊരു ധാരണ വളരെ വസ്തുനിഷ്ഠമാണെന്നും അതു തികച്ചും വസ്തുനിഷ്ഠമായ ധാരണകൾക്കനുസൃതമാണെന്നും ഞാൻ പറയും. നാം പ്രവേശിക്കുന്ന തേജസ്സ് കേവലം ഒരുതരം പ്രകാശപൂരിതമായ തിളക്കമോ ശോഭയോ ആണെന്നു പറയുന്നത് ശരിയായിരിക്കാം, എന്നാൽ ഇത് മൊത്തത്തിൽ വസ്തുനിഷ്ഠമായ ഒരു ആശയമാണ്.

ഒരു പൂവിന്റെ ഉദാഹരണത്താൽ ഈ തേജസ്സിന്റെ കാര്യത്തെ നമുക്കു വിശദീകരിക്കാം. ഒരു പുഷ്പച്ചെടിയുടെ വിത്ത് വളരെ ചെറുതാണ്. നിങ്ങൾ ഈ വിത്ത് ഭൂമിയിൽ വിതെച്ചാൽ, അത് ഒടുവിൽ പൂക്കുന്ന ഘട്ടത്തിൽ എത്തിച്ചേരുന്നതുവരെ വളരും. ചെടി പൂക്കുമ്പോൾ, അതാണ് അതിന്റെ തേജസ്കരണം. വിത്തിന്റെ ഘട്ടം മുതൽ പൂക്കുന്ന ഘട്ടം വരെ ഒരു നീണ്ട പ്രക്രിയ സംഭവിക്കണം. ആ പുഷ്പച്ചെടി ഈ പ്രക്രിയയിലൂടെ കടന്നുപോകുമ്പോൾ, അതിന് വളരെയധികം പോരാടേണ്ടതുണ്ട്. നിങ്ങൾ ഒരു പുഷ്പച്ചെടിയുടെ വിത്തായിരുന്നുവെങ്കിൽ, എത്രമാത്രം പോരാട്ടത്തിലൂടെ നിങ്ങൾ കടന്നുപോകണമെന്ന് നിങ്ങൾക്ക് ഞങ്ങളോടു പറയുവാൻ കഴിയുമായിരുന്നു. പുഷ്പച്ചെടി ആദ്യം തന്നോടുതന്നെ പോരാടണം, കാരണം വിത്തിനുള്ളിലെ ജീവൻ പുറന്തോടിനോടു പോരാടുകയും ജീവൻ പുറത്തു വരേണ്ടതിന് അതിനെ തകർത്തു വരുകയും വേണം. പിന്നീട് ചെടി അതു

വളരുന്ന മണ്ണിനോടു പോരാടണം. പുഷ്പച്ചെടി വളരുവാൻ മണ്ണു സഹായിക്കുന്നതുകൊണ്ട്, വളർത്തുന്ന മണ്ണെന്ന് നമുക്കതിനെ വിളിക്കാം. എങ്കിലും, വളർത്തുന്ന ഈ മണ്ണുപോലും ചെടിക്ക് ഒരു തടസ്സമാണ്. ചെടിക്ക് മണ്ണ് ആവശ്യമായിരിക്കുകയും വളരുവാൻ മണ്ണ് സഹായിക്കുകയും ചെയ്യുന്നെങ്കിലും, ഇത് ചെടിയുടെ വളർച്ചയ്ക്ക് ഒരു തടസ്സമാണ്. അതിനെ വളരുവാൻ സഹായിക്കുന്ന മണ്ണിനോടുതന്നെ അതിന് പോരാടേണ്ടതുണ്ട്. അവസാനമായി, വളരെയധികം പോരാട്ടത്തിനുശേഷം, ചെടി പൂക്കുന്ന ഘട്ടത്തിലെത്തുന്നു. അതാണ് പുഷ്പത്തിന്റെ തേജസ്സ്. അതു പുഷ്പിക്കുന്നതാണ് അതിന്റെ തേജസ്സ്.

നമ്മിൽ ഓരോരുത്തരും, യാതൊരു ഒഴികഴിവുമില്ലാതെ, പൂവിന്റെ ഒരു വിത്തു പോലെയാണ്. വീണ്ടുംജനനത്തിലൂടെ തേജസ്സിന്റെ ജീവൻ നമ്മിലേക്കു വന്നിരിക്കുന്നു. ഇപ്പോൾ നമ്മുടെ ഉള്ളിൽ തേജസ്സിന്റെ ഒരു വിത്തുണ്ട്. ഒരു വിത്തെന്ന നിലയിൽ നമ്മുടെ ഉള്ളിലുള്ള ജീവൻ തേജസ്സിന്റെ ജീവനാണ്. ഇത് മഹത്വത്തിന്റെ പ്രത്യാശയായ നമ്മിലുള്ള ക്രിസ്തുവാണ് (കൊലൊ. 1:27). തേജസ്സെന്നത് കേവലം വായുവിൽ പ്രകാശിക്കുന്ന ഒരു ശോഭയല്ല. അത് തികച്ചും വസ്തുനിഷ്ഠമാണ്. തേജസ്സെന്നത് കേവലം ബാഹ്യമായ തിളക്കമായിരുന്നെങ്കിൽ, അത് മറ്റൊരു മായ ആകുമായിരുന്നു. എന്നാൽ അതല്ല വേദപുസ്തകം സംസാരിക്കുന്ന തേജസ്സ്. വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന തേജസ്സ് ദൈവത്തിന്റെ ദിവ്യമൂലകത്തിന്റെ പുഷ്പിക്കലാണ്. ഒരു ദിവസം, ദൈവത്തിന്റെ ദിവ്യമൂലകം പുഷ്പിക്കുവാൻ പോകുന്നു. നാം പ്രവേശിക്കുന്ന തേജസ്സ് കേവലം വസ്തുനിഷ്ഠമായ ഒന്നല്ല, മറിച്ച് അതു നമ്മുടെ ഉള്ളിൽനിന്നുള്ള ദിവ്യമൂലകത്തിന്റെ പുഷ്പിക്കലാണെന്നു ഞാൻ പറയുമ്പോൾ അതു നിങ്ങളെ അലട്ടുന്നുണ്ടോ? അങ്ങനെയാണെങ്കിൽ, അതിനർഥം, ഒരു പരിധിവരെയെങ്കിലും, നിങ്ങൾ ഇപ്പോഴും പഴയ ഉപദേശങ്ങളോടു പറ്റിനിൽക്കുന്നു എന്നാണ്. നിങ്ങൾ നദി മുറിച്ചുകടക്കണം.

മലമുകളിൽവച്ചുള്ള കർത്താവായ യേശുവിന്റെ കായാന്തരണത്തെ നോക്കുക (മത്താ. 17:1-2). കർത്താവായ യേശു ആ മലയുടെ മുകളിൽ കയറി കായാന്തരപ്പെട്ടപ്പോൾ, പുറമെനിന്ന്, മൂന്നാം സ്വർഗത്തിൽനിന്ന്, പെട്ടെന്ന് ഷെക്കീനാ തേജസ്സ് അവന്റെമേൽ വരികയായിരുന്നോ? അവൻ ബാഹ്യമായ ഒരു തിളക്കത്തിലേക്കോ ശോഭയിലേക്കോ പ്രവേശിച്ചുവോ? ഇല്ല, അവന്റെ ഉള്ളിൽനിന്ന് തേജസ്സ് പ്രകാശിച്ചു. അതിനാലാണ് ഇതിനെ കായാന്തരണം എന്നു വിളിക്കുന്നത്. അതുപോലെ, ഏതു തേജസ്സിലേക്ക് നമ്മെ കൊണ്ടുവരുവാൻ പോകുന്നുവോ ആ തേജസ്സ് ഇപ്പോൾത്തന്നെ നമ്മിലുണ്ട്. അത് കേവലം വസ്തുനിഷ്ഠമല്ല;

അത് തീർത്തും വ്യക്തിനിഷ്ഠമാണ്. ഇതും തേജസ്സിനെക്കുറിച്ചുള്ള പരമ്പരാഗത പഠിപ്പിക്കലും തമ്മിൽ എന്തൊരു വ്യത്യാസം! നാം വീണ്ടുംജനിച്ച സമയത്ത് തേജസ്സിന്റെ വിത്ത് നമ്മിലേക്കു വിതയ്ക്കപ്പെട്ടു. ഇത് മാർമികമാണ്.

വീണ്ടുംജനനത്തിൽ ഒരു ജീവമൂലകം നമ്മുടെ ആളത്തത്തിലേക്കു വന്നു. ഈ ജീവമൂലകം ഒരു ചെറിയ കാര്യമല്ല; അത് ദൈവത്തിന്റെ ദിവ്യമൂലകമാണ്. ദൈവം താൻ ആയിരിക്കുന്നതെല്ലാം ഈ സാരാംശത്തിൽ, നമ്മുടെ ആളത്തത്തിലേക്കു വന്നിരിക്കുന്ന ഈ ജീവമൂലകത്തിൽ ഉണ്ട്. ഓ, നാം വീണ്ടുംജനിച്ചപ്പോൾ നമ്മിൽ എന്ത് സംഭവിച്ചുവെന്ന് നാം എത്രമാത്രം മനസ്സിലാക്കണം! ദൈവത്തിന്റെ ദിവ്യമൂലകം നമ്മിലേക്കു വന്നു.

യിസ്രായേൽമക്കൾ കനാൻ ദേശത്തു പ്രവേശിച്ചപ്പോൾ അവർ പുഷ്ടിക്കുവാൻ തുടങ്ങി. അതായിരുന്നു അവരുടെ തേജസ്സ്. ആ പുഷ്ടിക്കുന്ന ഘട്ടം ഒരു പോരാട്ടഘട്ടം കൂടിയായിരുന്നു, കാരണം അവർ നല്ല ദേശത്തേക്കു പ്രവേശിച്ചയുടനെതന്നെ യുദ്ധം ചെയ്യുവാൻ തുടങ്ങി. അവർ നടത്തിയ ഒന്നാമത്തെ യുദ്ധം യെരീഹോവിൽ വച്ചായിരുന്നു. യെരിഹോവിനുശേഷം ദാവീദ് എല്ലാ ശത്രുക്കളെയും തോല്പിക്കുകയും ആലയം പണിയുകയും ചെയ്യുന്നതുവരെ അവർ തുടർച്ചയായി യുദ്ധം ചെയ്തുകൊണ്ടേയിരുന്നു. പിന്നീട് ദൈവതേജസ്സ് ആലയത്തെ നിറച്ചു (1 രാജാ. 8:10). പ്രത്യക്ഷത്തിൽ, ആലയത്തെ നിറച്ച തേജസ്സ് മുകളിൽ നിന്നും ഇറങ്ങിവന്നു; വാസ്തവത്തിൽ തേജസ്സ് യിസ്രായേൽ മക്കളോടുകൂടെ ഉണ്ടായിരുന്നു. അവർ ചെങ്കടൽ കടന്ന ദിവസം മുതൽ, തേജസ്സ് അവരോടുകൂടെ ഉണ്ടായിരുന്നു. തേജസ്സ് മേഘസ്തംഭത്തിലും അഗ്നിസ്തംഭത്തിലും ഉണ്ടായിരുന്നു (പുറ. 14:19, 24). അവർ ആലയം പണിതപ്പോൾ ആലയം തേജസ്സിനാൽ നിറഞ്ഞു. തേജസ്സ് മുകളിൽനിന്നു വന്നതല്ലെന്ന് ഞാൻ പിന്നെയും പറയുന്നു. ജനത്തിന്റെ വളർച്ചയും വികാസവും കാത്തുകൊണ്ട് അത് അവിടെ ഉണ്ടായിരുന്നു. യിസ്രായേൽമക്കൾ പൂർണമായി വികാസം പ്രാപിച്ചപ്പോൾ തേജസ്സ് ആലയത്തെ നിറച്ചു.

അതുപോലെ, നമ്മുടെ വീണ്ടുംജനനത്തിന്റെ സമയത്ത് നമുക്കെല്ലാവർക്കും നമ്മുടെ തുടക്കമുണ്ടായിരുന്നു. അതായിരുന്നു നമ്മുടെ പെസഹ. നമ്മുടെ പെസഹയുടെ സമയം മുതൽ, തേജസ്സിന്റെ വിത്ത് നമ്മിലേക്കു വിതയ്ക്കപ്പെട്ടതുമുതൽ, ആ വിത്ത് വളരുകയാണ്. ഇങ്ങനെ വളരുന്നത് ഒരു പോരാട്ട പ്രക്രിയയാണ്. ഇപ്പോൾപോലും നാം തേജസ്സിലേക്കു പ്രവേശിക്കുന്ന പ്രക്രിയയിൻ കീഴിലാണ്.

ഇപ്പോൾ നാം രക്ഷാനായകനെ മനസ്സിലാക്കുവാൻ ഒരുക്കമുള്ളവരാണ്. ക്രിസ്തു നായകനായിരിക്കുന്ന രക്ഷ

തന്നെയാണ് നമ്മെ തേജസ്സിലേക്കു കൊണ്ടുവരുന്ന രക്ഷ. "ഇത്ര വലിയ രക്ഷ" നമ്മെ തേജസ്സിലേക്കു കൊണ്ടുവരുകയും, നമ്മുടെ രക്ഷകനായ ക്രിസ്തു ഈ രക്ഷയുടെ നായകനും ആകുന്നു. എന്താണ് ഇത് അർഥമാക്കുന്നത്? ഇത് അർഥമാക്കുന്നത് നമ്മുടെ രക്ഷകൻ തേജസ്സിലേക്കുള്ള പോരാട്ടത്തിന് നേതൃത്വമെടുത്തു എന്നാണ്. കർത്താവായ യേശു പെട്ടെന്ന് തേജസ്സിലേക്കു പ്രവേശിച്ചില്ല. ഭൂമിയിലെ അവന്റെ എല്ലാ ദിവസങ്ങളിലും, ഒരു പോരാട്ട പ്രക്രിയ നടക്കുകയായിരുന്നു. തേജസ്സിന്റെ വിത്ത് അവനിൽ ഉണ്ടായിരിക്കുകയും അതിന്റെ പുറത്തേക്കുള്ള വഴിക്കായി പോരാടുകയുമായിരുന്നു. നിങ്ങൾ സുവിശേഷങ്ങൾ വായിച്ചാൽ, യേശുവിന്റെ ജീവിതം ഒരു പോരാട്ട ജീവിതമായിരുന്നുവെന്ന് നിങ്ങൾ കാണും. അവന്റെ ജീവിത കഥ ഒരു പോരാട്ട കഥയായിരുന്നു. തേജസ്സിന്റെ വിത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള യുദ്ധമായിരുന്നു അവൻ എപ്പോഴും പോരാടിക്കൊണ്ടിരുന്നത്. തേജസ്സ് പുറത്തേക്ക് വരേണ്ടതിനും അവൻ തേജസ്സിലേക്കു കൊണ്ടുവരപ്പെടേണ്ടതിനുമായി അവൻ പോരാടി.

കർത്താവ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തപ്പോൾ തേജസ്സിലേക്ക് പ്രവേശിച്ചുവെന്ന് ചിന്തിക്കരുത്. ഇല്ല, അവന്റെ ആരോഹണത്തിനുമുമ്പ്, അവൻ ഭൂമിയിൽ ആയിരിക്കുമ്പോൾതന്നെ, അവന്റെ പുനരുത്ഥാനദിവസം അവൻ തേജസ്സിലേക്കു പ്രവേശിച്ചു. ക്രിസ്തു തേജസ്സിലേക്കു പ്രവേശിച്ചത് ആരോഹണം ചെയ്തപ്പോഴല്ല, ഉയിർത്തെഴുന്നേറ്റപ്പോഴാണെന്ന് ലൂക്കോസ് 24:26 ചൂണ്ടിക്കാണിക്കുന്നു. അവന്റെ പുനരുത്ഥാനം തേജസ്സിലേക്കുള്ള അവന്റെ പ്രവേശനമായിരുന്നു. അവന്റെ മുഴുവൻ ജീവിതവും, അവന്റെ ജനനസമയം മുതൽ അവൻ മരിച്ചവരിൽനിന്നും ഉയിർപ്പിക്കപ്പെട്ട ദിവസംവരെ ഒരു പോരാട്ട പ്രക്രിയയായിരുന്നു. കർത്താവ് ജയത്തിനുവേണ്ടി മാത്രമല്ല, തേജസ്സിനുവേണ്ടിയും പോരാടി. അവൻ തന്റെ തേജസ്കരണത്തിനുവേണ്ടി പോരാടി. അവന്റെ പോരാട്ടം തേജസ്സിലേക്കുള്ള പാത ഒരുക്കി. തേജസ്സിനുവേണ്ടിയുള്ള ഈ പോരാട്ടത്തിൽ, അവൻ വഴിയൊരുക്കിയവൻ ആയിരുന്നു. അവൻ തേജസ്സിലേക്കുള്ള വഴിയൊരുക്കി. അതുകൊണ്ട്, തേജസ്സിലേക്കു പ്രവേശിക്കുന്നവരുടെ നായകനായിരിക്കുവാൻ അവൻ സ്വമേധയാ യോഗ്യനായിത്തീർന്നിരിക്കുന്നു. അതിനാൽ അവൻ നമ്മുടെ രക്ഷാനായകനാണ്. ഇന്നു നാം തേജസ്സിലേക്കുള്ള വഴിയൊരുക്കുകയും അതിലേക്കു പ്രവേശിക്കുകയും ചെയ്ത ഈ വഴിയൊരുക്കിയവനെ പിന്തുടരുകയാണ്. ആ തേജസ്സ് ഇപ്പോൾ നല്ല ദേശമാണ്. നാം നദി കടന്ന് ഈ ദേശത്തേക്ക് പ്രവേശിക്കണം. ഒരർഥത്തിൽ, ക്രിസ്തു നദി മുറിച്ചുകടന്നിട്ട്, ഇപ്പോൾ മറുവശത്ത്, തേജസ്സിന്റെ ദേശത്താണ്. അവൻ തേജസ്സിലാണെങ്കിലും, നാം

ഇതുവരെ അതിൽ ആയിട്ടില്ല. നമ്മുടെ നായകനെന്ന നിലയിൽ അവനെ പിന്തുടർന്നുള്ള യാത്രയിലാണ് നാം.

## I. ദൈവം അനേകം പുത്രന്മാരെ തേജസ്സിലേക്കു നയിക്കുന്നു

നമ്മുടെ ദൈവം ഒരു വലിയ സ്ഥാപനം, ഒരു വലിയ വ്യവസായം സ്ഥാപിച്ചിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യം അനേകം പുത്രന്മാരെ തേജസ്സിലേക്കു നയിക്കുക എന്ന ഒരു കാര്യം നിറവേറ്റുന്നതാണ് (2:10). ദൈവത്തിന്റെ സ്ഥാപനം തേജസ്സിന്റെ ഒരു സ്ഥാപനമാണ്. അത് പണം ഉണ്ടാക്കുന്നില്ല; അത് തേജസ്സിനെ ഉണ്ടാക്കുന്നു.

### A. സകലവും ദൈവത്തിനുവേണ്ടി

അനേകം പുത്രന്മാരെ തേജസ്സുിലേക്കു നയിക്കുന്നതിനായി, ദൈവത്തിന് അനുയോജ്യമായ ഒരു അന്തരീക്ഷം ഉണ്ടായിരിക്കണം. അതിനാൽ, അവൻ ആകാശത്തെയും ഭൂമിയെയും സകലത്തെയും സൃഷ്ടിച്ചു. ഇവയെല്ലാം ദൈവത്തിന് തന്റെ തേജസ്സ് എന്ന വ്യവസായം നിർവഹിക്കുന്നതിനാണ്.

### B. സകലവും ദൈവം മുഖാന്തരം

തന്റെ തേജസ്സ് എന്ന വ്യവസായം നിർവഹിക്കുന്നതിനുവേണ്ടി ദൈവം സൃഷ്ടിച്ചതെല്ലാം നിലനിൽക്കുന്നത് ദൈവം മുഖാന്തരമാണ്. ദൈവമാണ് തന്റെ തേജസ്സ് എന്ന വ്യവസായം നിർവഹിക്കുന്നതിനായി പ്രപഞ്ചത്തിലുള്ള സകലത്തെയും പരിപാലിക്കുന്നവൻ.

### C. സകലത്തിലുംനിന്നുള്ള അനേകം പുത്രന്മാർ

സകലവും ദൈവത്തിനുവേണ്ടിയും ദൈവത്താലും ആണ്. സകലത്തിനുമിടയിൽ ആകുന്നു ദൈവത്തിന്റെ സൃഷ്ടിയുടെ കേന്ദ്രമായ ദൈവത്തിന്റെ അനേകം പുത്രന്മാർ. സകലവും ദൈവത്തിന്റെ അനേകം പുത്രന്മാർക്കു വേണ്ടിയുള്ളതാണ്, കാരണം ദൈവത്തിന്റെ സ്ഥാപനം അവന്റെ അനേകം പുത്രന്മാരെ തേജസ്സിലേക്കു കൊണ്ടുവരുന്നതിനാണ്. ഇതിന് വളരെയധികം പോരാട്ടം ആവശ്യമാണ്. ഇതുകൊണ്ടാണ് ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ തന്റെ അനേകം പുത്രന്മാരുടെ രക്ഷയുടെ നായകനായിരിക്കുന്നത്.

### D. തേജസ്സിലേക്ക്

ദൈവത്തിന്റെ ലക്ഷ്യം തന്റെ അനേകം പുത്രന്മാരെ തേജസ്സിലേക്കു കൊണ്ടുവരിക എന്നതാണ്. അവന്റെ ആദ്യജാതനായ പുത്രനായ കർത്താവായ യേശു വഴിയൊരുക്കിയവനെന്ന നിലയിൽ ഈ തേജസ്സിലേക്ക് പോരാടി. ഇപ്പോൾ

അവൻ പോരാടിക്കൊണ്ട് ദൈവത്തിന്റെ അനേകം പുത്രന്മാരെ തന്റെ തേജസ്സിലേക്കു നയിക്കുന്ന അവരുടെ രക്ഷാനായകനാണ്. ദൈവത്തിന്റെ അനേകം പുത്രന്മാരായ നാം, ദൈവം നമുക്കുവേണ്ടി നിയോഗിച്ച തേജസ്സിലേക്ക് പോരാടിക്കൊണ്ട്, ഇപ്പോൾ ആ വഴിയിലാണ്.

Mon

## II. കഷ്ടങ്ങളിലൂടെ യേശുവിനെ തികഞ്ഞവനാക്കുന്നു

അനേകം പുത്രന്മാരെ തേജസ്സിലേക്കു നയിക്കുക എന്ന തന്റെ ലക്ഷ്യം നിറവേറ്റുന്നതിനായി, ദൈവത്തിന് ഒരു ദൃഷ്ടാന്തം, ഒരു മാതൃക ആവശ്യമായിരുന്നു. അങ്ങനെയുള്ള ഒരുവന് അനേകം പുത്രന്മാരെ തേജസ്സിലേക്കു കൊണ്ടുവരാനുള്ള നേതൃത്വമെടുക്കുവാൻ യോഗ്യതയുള്ള നായകനായിരിക്കുവാൻ കഴിയും. യേശുവാണ് ഈ നായകൻ. എന്നാൽ യേശു നായകനായിത്തീരുന്നതിനുമുമ്പ്, അവൻ കഷ്ടങ്ങളാൽ തികഞ്ഞവനാക്കപ്പെടണമായിരുന്നു (2:10). ചെറുപ്പത്തിൽ ഞാൻ വേദപുസ്തകം വായിച്ചപ്പോൾ, യേശു തികഞ്ഞവനാക്കപ്പെടേണ്ടത് ആവശ്യമായിരുന്നു എന്നു പറയുന്ന എബ്രായർ 2-ലെ വാക്യം എന്നെ അലട്ടിയിരുന്നു. ഒരു വശത്ത്, യേശു തികഞ്ഞവനാണെന്ന് ഞാൻ അറിഞ്ഞിരുന്നു. മറുവശത്ത്, അവൻ തികഞ്ഞവനാക്കപ്പെടണമെന്ന് 2:10 പറയുന്നു. അതിനാൽ യേശു തികഞ്ഞവനായിരുന്നില്ലെന്ന് എനിക്കു തോന്നി. എന്നാൽ അവൻ സത്യമായും തികഞ്ഞവനായിരുന്നു. തന്റെ ജഡാവതാരത്തിനുമുമ്പ് അവൻ തികഞ്ഞവനായിരുന്നെങ്കിലും അവന് മാനുഷിക കഷ്ടതയുടെ അനുഭവമില്ലായിരുന്നു. അവൻ രക്ഷാനായകനായിത്തീരുന്നതിനുമുമ്പ് കഷ്ടങ്ങളിലൂടെ തികഞ്ഞവനാക്കപ്പെടണമായിരുന്നു. 2:10-ലെ *തികഞ്ഞവനാക്കുക* എന്ന പദം അർഥമാക്കുന്നത് പൂർത്തിയാക്കുകയോ തികയ്ക്കുകയോ ചെയ്തുകൊണ്ട് അവസാനത്തിലേക്ക് അഥവാ പരിണതിയിലേക്ക് കൊണ്ടുപോകുക എന്നാണ്. ഇവിടെ തികഞ്ഞവരായിരിക്കുക എന്നാൽ യോഗ്യതയുള്ളവനായിരിക്കുക എന്നാണർഥം. തന്റെ ജഡാവതാരത്തിനുമുമ്പ്, രക്ഷാനായകനായിരിക്കുവാൻ യേശു യോഗ്യനായിരുന്നില്ല. ഈ ഉദ്യോഗസ്ഥാനത്തിന് യോഗ്യനാകുന്നതിന്, അവൻ മാനുഷിക കഷ്ടങ്ങൾ അനുഭവിക്കണമായിരുന്നു. അങ്ങനെ, യേശുവിനെ തികഞ്ഞവനാക്കുകയെന്നാൽ അർഥമാക്കുന്നത് യേശുവിലുള്ള നന്മകളുടെയോ സദ്ഗുണങ്ങളുടെയോ എന്തെങ്കിലും അപൂർണത ഉണ്ടെന്നല്ല, മറിച്ച് തന്റെ അനുഗാമികളുടെ രക്ഷയുടെ നായകൻ, അഥവാ നേതാവായിത്തീരുന്നതിന് അവനെ അനുയോജ്യമാക്കുന്ന മാനുഷിക കഷ്ടങ്ങളുടെ അനുഭവം പൂർത്തിയാക്കുന്നതു മാത്രമാണ്. സകല മാനുഷിക കഷ്ടങ്ങളിലൂടെയും യേശു കടന്നുപോയതിനാൽ,

ഈ ഉദ്യോഗസ്ഥാനം പൂരിപ്പിക്കുവാൻ അവൻ തികഞ്ഞവനും യോഗ്യനുമായിരിക്കുന്നു. വഴിയൊരുക്കിയവനെന്ന നിലയിൽ അവൻ പ്രവേശിച്ചിരിക്കുന്ന തേജസ്സിന്റെ മേഖലയിലേക്ക് ദൈവത്തിന്റെ അനേകം പുത്രന്മാരെ കൊണ്ടുവരുവാൻ അവൻ യോഗ്യനായിരിക്കുന്നു.

എന്തുകൊണ്ടാണ് എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ കഷ്ടങ്ങളെക്കുറിച്ചു പരാമർശിച്ചത്? കാരണം ഈ ലേഖനം എഴുതിയ സമയത്ത് എബ്രായ ക്രിസ്ത്യാനികൾ കഷ്ടത അനുഭവിക്കുകയായിരുന്നു (10:32-35). അവർ ഉപദ്രവിക്കപ്പെടുകയായിരുന്നു. ഒരർഥത്തിൽ, അവരുടെ കഷ്ടം നല്ലതായിരുന്നില്ല, കാരണം അതിനാൽ അവർ വളരെ അസ്വസ്ഥരായിരുന്നു. എങ്കിലും, മറ്റൊരു അർഥത്തിൽ, ആ കഷ്ടത അവരെ തേജസ്സിലേക്കു പ്രവേശിക്കുവാൻ സഹായിക്കുന്ന പ്രക്രിയായിരുന്നു. കഷ്ടതയുടെ വെള്ളം മുറിച്ചുകടന്ന് തേജസ്സിലേക്കു പ്രവേശിക്കുവാൻ അവരെ സഹായിക്കുന്നതിന് രക്ഷാനായകനെന്ന നിലയിൽ കർത്താവായ യേശു അവർക്കു മുമ്പായി പോയിട്ടുണ്ടെന്ന് എഴുത്തുകാരൻ അവരോടു പറയുകയായിരുന്നു. ഇതായിരുന്നു എഴുത്തുകാരന്റെ ആശയം. ഈ ആശയം ആഴമുള്ളതാണ്. എഴുത്തുകാരൻ എബ്രായ വിശ്വാസികളോട്, ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എബ്രായരായ സഹോദരീ സഹോദരന്മാരേ, നമ്മുടെ യേശു യഥാർഥ യോശുവയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. യോർദ്ദാൻനദി മുറിച്ചുകടക്കുവാൻ അവൻ നേതൃത്വം എടുത്തു. അവനെ വിട്ടുകളയരുത്. അവനെ നോക്കി അവന്റെ ചുവടുകൾ പിന്തുടരുക. അവൻ സകല കഷ്ടങ്ങളിലൂടെയും കടന്നുപോയി തേജസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു. അവൻ നമ്മുടെ വഴിയൊരുക്കിയവൻ, നമ്മുടെ മുൻഗാമി ആണ്. തേജസ്സിലേക്കുള്ള വഴി നിരപ്പാക്കുവാൻ അവൻ നമുക്കു മുമ്പേ പോയിരിക്കുന്നു. വഴി ഒരുക്കപ്പെട്ടുകഴിഞ്ഞു, നിങ്ങൾ ചെയ്യേണ്ടത് അവനെ പിന്തുടരുക മാത്രമാണ്. നിങ്ങളുടെ കഷ്ടങ്ങളാൽ വിഷമിക്കരുത്. നിങ്ങൾ ആശ്വസിക്കണം. കഷ്ടങ്ങളെല്ലാം സീയോന്റെ പെരുവഴിയിൽ നിങ്ങളെ സഹായിക്കുന്നു." യേശു വാസ്തവമായും അവരുടെ രക്ഷാനായകനായിരുന്നു. ഈ പദപ്രയോഗത്തിന്റെ അർഥം ഇപ്പോൾ നാം മനസ്സിലാക്കുന്നു.

## III. വഴിയൊരുക്കിയവനും നേതാവും നായകനും

ജഡത്തിൽ മാനുഷിക കഷ്ടങ്ങൾ അനുഭവിച്ചതിലൂടെ തികഞ്ഞവനാക്കപ്പെട്ടതിനാൽ നമ്മുടെ രക്ഷാനായകന്റെ ഉദ്യോഗസ്ഥാനം നിവർത്തിക്കുവാൻ അവൻ യോഗ്യനാണ്. അവൻ വഴിയൊരുക്കിയവനും നേതാവും നായകനുമായിത്തീർന്നിരിക്കുന്നു. അവൻ തേജസ്സിലേക്കുള്ള വഴി നിരപ്പാക്കുകകയും,

തേജസ്സിലേക്കു പ്രവേശിക്കുന്നതിന് നേതൃത്വമെടുക്കുകയും ചെയ്തു, അവൻ ഇപ്പോൾ തന്റെ അനുയായികളെ തേജസ്സിലേക്കു കൊണ്ടുവരുന്ന നായകനാണ്.

## IV. രക്ഷ

നമ്മുടെ രക്ഷ "ഇത്ര വലിയ രക്ഷയാണ്." ഈ രക്ഷ വളരെ ആഴമുള്ളതാണ്. അത് നമ്മുടെ വീണുപോയ അവസ്ഥയിൽനിന്നും നമ്മെ രക്ഷിക്കുന്ന കാര്യം മാത്രമല്ല, നമ്മെ തേജസ്സിലേക്കു കൊണ്ടുവരുന്നതുമാണ്. നമ്മെ തേജസ്സിലേക്ക് തട്ടിക്കൊണ്ടുപോകാൻ പോകുന്നില്ല; കഷ്ടത്തിന്റെ വഴിയിലൂടെ നാം തേജസ്സിലേക്കു രക്ഷിക്കപ്പെടും.

നിങ്ങളെല്ലാവരോടും ഞാനൊരു ആശ്വാസവാക്കു പറയട്ടെ. ക്രിസ്തുവിനെ നാം എത്രത്തോളം അവന്റെ വഴിയിൽ അനുഗമിക്കുമോ, അത്രത്തോളം നാം കഷ്ടങ്ങൾ അനുഭവിക്കുവാൻ ഒരുക്കമുള്ളവരായിരിക്കണം. കഷ്ടങ്ങൾ നല്ലതാണ്. അവ വലിയ ഒരു സഹായമാണ്. നാം കഷ്ടങ്ങളെ ചുംബിക്കുകയും അവയെ വിലമതിക്കുകയും വേണം. സകല കഷ്ടങ്ങളും നമ്മുടെ സഹായികളായതുകൊണ്ട്, നമ്മുടെ കഷ്ടങ്ങൾക്കു വേണ്ടി നാം കർത്താവിനോടു നന്ദി പറയണം. ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ പറയും, "കഷ്ടങ്ങളേ, നിങ്ങൾ എന്റെ പ്രിയപ്പെട്ട സഹായികളായിരുന്നു. ഞാൻ നിങ്ങളോട് വളരെ കടപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളിലൂടെ കടന്നുപോകുമ്പോൾ, ഞാൻ നിങ്ങളെ ഇഷ്ടപ്പെട്ടിരുന്നില്ല, കാരണം നിങ്ങൾ എനിക്ക് എത്ര വലിയൊരു സഹായമായിരുന്നുവെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. നിങ്ങൾ ചെയ്ത എല്ലാറ്റിനും നന്ദി." ക്രിസ്ത്യാനികളായ നാം എത്രത്തോളം കർത്താവിനോടു പ്രാർഥിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്നുവോ അത്രത്തോളം പ്രശ്നങ്ങൾ നമുക്കുണ്ടായിരിക്കും. നമ്മുടെ അനുഭവങ്ങളനുസരിച്ച്, പല പ്രശ്നങ്ങളും കൃത്യമായി അളക്കപ്പെട്ടിരിക്കുന്നുവെന്ന് നമുക്കു മനസ്സിലാക്കാൻ കഴിയും. അവ ദൈർഘ്യമേറിയതോ ദൈർഘ്യം കുറഞ്ഞതോ അല്ല. അവയെല്ലാം ശരിയായ സമയത്ത് വരുന്നതായി തോന്നുന്നു. നമ്മുടെ അനുഭവങ്ങളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, ചില കാര്യങ്ങൾ സംഭവിച്ചപ്പോൾ അവ സംഭവിച്ചത് എത്ര നല്ലതായിരുന്നു എന്നു നാം കാണുന്നു. നിങ്ങളുടെ പ്രശ്നങ്ങളാൽ വിഷമിക്കരുത്. നിങ്ങൾക്ക് എന്തു സംഭവിച്ചാലും പറയുക, "കർത്താവിനു സ്തോത്രം. ഇതാണ് തേജസ്സിലേക്ക് പ്രവേശിക്കുന്നതിന്റെ പ്രക്രിയ." നമ്മുടെ നായകനെ നോക്കുക. അവൻ വഴിയൊരുക്കുന്നു; അവൻ യുദ്ധം ചെയ്യുന്നു. നമുക്കവനെ അനുഗമിക്കാം. അവൻ നമ്മെ ഏതെങ്കിലും വസ്തുനിഷ്ഠമായ തേജസ്സിലേക്കല്ല നയിക്കുന്നത്, മറിച്ച് നമ്മുടെ

ആന്തരിക ആളത്തത്തിലേക്കു വിതയ്ക്കപ്പെട്ട തേജസ്സിലേക്കാണ്. ഒരു വിത്തായി നമ്മിലേക്കു വിതയ്ക്കപ്പെട്ട തേജസ്സ് നാം പ്രവേശിക്കുവാൻ പോകുന്ന തേജസ്സായി വികാസം പ്രാപിക്കും. തേജസ്സിലേക്കു പ്രവേശിക്കുന്ന ഈ കാര്യത്തെക്കുറിച്ച് ആത്മാവു നമ്മോടു കൂടുതൽ സംസാരിക്കട്ടെ.

ഞങ്ങൾ ഈ ദൂതിൽ തേജസ്സിനെക്കുറിച്ചു പറഞ്ഞത് റോമർ 8:17-18, 21 എന്നീ ഭാഗങ്ങളിൽ കാണുന്ന അതിന്റെ നിർവചനവുമായി താരതമ്യം ചെയ്യുന്നുവെങ്കിൽ, അവ ഒന്നുതന്നെയാണെന്ന് നിങ്ങൾ കാണും. തേജസ്കരിക്കപ്പെടുകയെന്നാൽ പ്രകാശിക്കുന്ന ശോഭയുള്ള ഒരു പ്രദേശത്തേക്ക് തട്ടിക്കൊണ്ടുപോകുക എന്നല്ല. നാം പ്രവേശിക്കുന്ന തേജസ്സ് നമ്മിലേക്കു വിതയ്ക്കപ്പെട്ട ദിവ്യമൂലകത്തിന്റെ തേജസ്സാണ്. നാം സ്വയമായല്ല ഈ തേജസ്സിലേക്കു പ്രവേശിക്കുന്നത്, മറിച്ച് വഴിയൊരുക്കിയവനും, തേജസ്സിലേക്കു പ്രവേശിച്ചവനും, ഇപ്പോൾ നമ്മെ തേജസ്സിലേക്കു നയിക്കുന്നവനുമായ നായകനോടുകൂടെയാണ്. നാമാണ് യഥാർഥ നദി കടക്കുന്നവരെന്ന് നാം ഒരിക്കൽ കൂടി കാണുന്നു. നാം നദി മുറിച്ചുകടക്കുന്നത് തേജസ്സിലെക്കു പ്രവേശിക്കുവാനാണ്.